**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5580** **24-03-2025 - ൽ മറുപടിയ്ക്ക്**

**അങ്കമാലി താലൂക്കാശുപത്രിയിൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി താലൂക്കാശുപത്രിയുടെ നിലവിലെ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിരിക്കുന്നത് താലൂക്കാശുപത്രിയിൽ ചികിത്സ തേടുന്ന രോഗികളുടെ എണ്ണം മാനദണ്ഡമാക്കിയാണോയെന്ന് വ്യക്തമാക്കുമോ; | (എ) | അങ്കമാലി താലൂക്ക് ആശുപത്രിയിൽ സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുന്നത് ചികിത്സ തേടുന്ന രോഗികളുടെ എണ്ണം മാനദണ്ഡമാക്കിയല്ല. ആർദ്രം മാനദണ്ഡപ്രകാരം താലൂക്ക് ആശുപത്രികളുടെ സ്റ്റാൻഡേർഡൈസേഷൻ ഗൈഡ്‌ലൈൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരം താലൂക്ക് ആശുപത്രികളിൽ നിന്നും നൽകേണ്ട സേവനങ്ങളുടെ അടിസ്ഥാനത്തിലാണ് വേണ്ട തസ്തികകൾ നിർണ്ണയിക്കുന്നത്. |
| (ബി) | ടി ആശുപത്രിയിൽ താലൂക്കാശുപത്രിക്ക് വേണ്ട ജീവനക്കാരുടെ എണ്ണം നിലവിൽ ഉണ്ടോ; ഇവിടെ നിലവിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞ് കിടക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | അങ്കമാലി താലൂക്ക് ആശുപത്രിയിലെ നിലവിലുള്ള തസ്തികകൾ, ഒഴിവുകൾ എന്നിവ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ടി ആശുപത്രിയുടെ നിലവിലെ സ്റ്റാഫ് പാറ്റേൺ മാറ്റി താലൂക്കാശുപത്രിക്ക് വേണ്ട ജീവനക്കാരെ നിയമിക്കാത്തതിൻറെ കാരണം വിശദമാക്കാമോ; | (സി) | ആർദ്രം മാനദണ്ഡ പ്രകാരം താലൂക്ക് ആശുപത്രികളുടെ സ്റ്റാൻഡേർഡൈസേഷൻ ഗൈഡ്‌ലൈൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരം താലൂക്ക് ആശുപത്രികളിൽ നിന്നും നൽകേണ്ട സേവനങ്ങളുടെ അടിസ്ഥാനത്തിൽ വേണ്ട അനിവാര്യമായ തസ്തികകൾ ഘട്ടം ഘട്ടമായി സൃഷ്ടിച്ചു വരുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | ടി ആശുപത്രിയെ താലൂക്കാശുപത്രിയായി ഉയർത്തിയത് എന്നാണ്; താലൂക്കാശുപത്രിയായി ഉയർത്തിയ ശേഷം വിവിധ വിഭാഗങ്ങൾക്ക് എത്ര തസ്തികകളാണ് പുതിയതായി അനുവദിച്ചതെന്ന് വിശദമാക്കാമോ; | (ഡി) | 07.02.2011 ലാണ് ഈ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തിയത്. താലൂക്ക് ആശുപത്രിയായി ഉയർത്തിയതിന് ശേഷം ചുവടെ ചേർക്കും പ്രകാരം തസ്തികകൾ അനുവദിച്ചിട്ടുണ്ട്.<br><br>ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രിക്സ് -1<br><br>ജൂനിയർ കൺസൾട്ടന്റ് ഗൈനക്കോളജി-1<br><br>ജൂനിയർ കൺസൾട്ടന്റ് ജനറൽ മെഡിസിൻ-1<br><br>കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ-4 |

| | | | |
|---|---|---|---|
| | | | നഴ്സിംഗ് ഓഫീസർ-6<br><br>ഫാർമസിസ്റ്റ്-1<br><br>ലാബ് ടെക്നീഷ്യൻ-1<br><br>ഡെന്റൽ ഹൈജീനിസ്റ്റ് -1<br><br>ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II-1 |
| (ഇ) | ടി ആശുപത്രിയിൽ ഒ.പി. വിഭാഗത്തിലും ഐ.പി. വിഭാഗത്തിലും ഒരു മാസം എത്ര പേരാണ് ചികിത്സയ്ക്കായി എത്തുന്നതെന്ന് വ്യക്തമാക്കാമോ; നിലവിലെ ജീവനക്കാരുടെ എണ്ണം വെച്ച് ഇത്രയും രോഗികളെ പരിചരിക്കുവാൻ കഴിയുന്ന സാഹചര്യമാണ് ഇവിടെ ഉള്ളതെന്ന് സർക്കാർ കരുതുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ഇ) | ടി ആശുപത്രിയിൽ ഒരു മാസം ഒ.പി വിഭാഗത്തിൽ ശരാശരി 17,890 രോഗികളും, ഐ.പി വിഭാഗത്തിൽ ശരാശരി 110 രോഗികളും ചികിത്സയ്ക്കായി എത്താറുണ്ട്. നിലവിലെ തസ്തികകൾക്കു പുറമെ എൻ.എച്ച്.എം, എച്ച്.എം.സി., എൽ.എസ്.ജി.ഡി, മുഖേന ജീവനക്കാരെ നിയോഗിച്ച് സേവനം ലഭ്യമാക്കുന്നുണ്ട്. |
| (എഫ്) | അങ്കമാലി താലൂക്കാശുപത്രിക്ക് ആവശ്യമായ തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) | സമഗ്ര വികസന പാക്കേജിന്റെ ഭാഗമായി ആരോഗ്യ സ്ഥാപനങ്ങളിൽ ഗ്യാപ് അനാലിസിസ് നടത്തി ആർദ്രം മാനദണ്ഡം അനുസരിച്ചുള്ള തസ്തികകൾ ഘട്ടം ഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Staff Pattern of Taluk Hospital, Angamily | | | | |
|---|---|---|---|---|
| | | Sanctioned Post | | |
| SL No | Name of Category | No. of Posts | In Position | Vacant |
| 1. | Superintendent /Civil Surgeon | 1 | 1 | 0 |
| 2. | Jr.Consultant Pediatrics | 1 | 1 | 0 |
| 3. | Jr.Consultant Gynaecology | 1 | 1 | 0 |
| 4. | Jr.Consultant General Medicine | 1 | 1 | 0 |
| 5. | Asst. Surgeon | 5 | 5 | 0 |
| 6. | Casuality Medical Officer | 4 | 4 | 0 |
| 7. | Dental Surgeon | 1 | 1 | 0 |
| 8. | Dental Hygeinist | 1 | 1 | 0 |
| 9. | Lab Tachnician Sr | 1 | 1 | 0 |
| 10. | Lab Technician Gr.I | 1 | 1 | 0 |
| 11. | Lab Technician Gr.II | 1 | 1 | 0 |
| 12. | Sr.Nursing Officer | 1 | 1 | 0 |
| 13. | Nursing Officer Gr I | 6 | 6 | 0 |
| 14. | Nursing Officer Gr.II | 6 | 6 | 0 |
| 15. | Hospital Attendant Gr.I | 1 | 1 | 0 |
| 16. | Hospital Attendant Gr.II | 4 | 4 | 1 |
| 17. | Nursing Assistant | 4 | 4 | 1 |
| 18. | Part Time Sweeper | 1 | 1 | 0 |
| 19. | Driver | 1 | 1 | 0 |
| 20. | Pharmacist | 2 | 2 | 0 |
| 21. | Office Attendant | 1 | 1 | 0 |
| 22. | JPHN | 1 | 1 | 0 |
| 23. | PHNS | 1 | 1 | 0 |
| 24. | HS | 1 | 1 | 0 |
| 25. | JHI | 1 | 1 | 0 |
| 26. | Optometrist | 1 | 1 | 0 |
| 27. | Head Clerk | 1 | 1 | 0 |
| 28. | LD/UD Clerk | 3 | 3 | 0 |
| 29. | Typist | 1 | 1 | 0 |

Shaila. M

സെക്ഷൻ ഓഫീസർ